17899
18/12/15

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി വികസനം - സ്വയംപര്യാപ്ത ഗ്രാമം പദ്ധതി - നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകന ചുമതല ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നല്കി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

**സ.ഉ.(സാധാ) നം.2067/2015/പജപവവിവ** തീയതി, തിരുവനന്തപുരം, 14.12.2015

പരാമർശം :
1. സ.ഉ (കൈ) നം.23/2013/പജപവവിവ, തീയതി 15.03.2013
2. സ.ഉ (കൈ) നം.102/2013/പജപവവിവ, തീയതി 17.12.2013
3. സ.ഉ (സാധാ) നം.1207/2015/പജപവവിവ, തീയതി 24.07.2015
4. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ മാനേജിംഗ് ഡയറക്ടറുടെ 25.09.2015-ലെ FIT/MKT/05/2015-16/1023 നമ്പർ കത്ത്
5. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 01.10.2015-ലെ ഡെവ.ഡി1-21304/13 നമ്പർ കത്ത്

## ഉത്തരവ്

തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന 'സ്വയംപര്യാപ്ത ഗ്രാമം' പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ നടപ്പിലാക്കുന്നതിന് പരാമർശം (1), (2) എന്നിവ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു.

2. 'സ്വയംപര്യാപ്ത ഗ്രാമം' പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകനത്തിനായി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. എന്നാൽ അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്ത ഏജൻസികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയ നടപടി മറ്റുള്ള ഏജൻസികളുടെ അതൃപ്തിക്കിടയാക്കിയതായും ഈ സാഹചര്യത്തിൽ ഉത്തരവ് പുന:പരിശോധിക്കണമെന്നും സൂചന (3) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച സൂചന (3) ഉത്തരവ് റദ്ദാക്കുന്നു.

(ii) 'സ്വയംപര്യാപ്ത ഗ്രാമം' പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സമഗ്രമായി അവലോകനം നടത്തി ബില്ലുകൾ പാസ്സാക്കുവാൻ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു.

(iii) പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ ആയത് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയുടെ ബാദ്ധ്യതയായി കണക്കാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എസ്.യു.രാജീവ്**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( നം. WW1/79/2014-Fin, തീയതി 10.12.2015)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ&പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Salini K.J

സെക്ഷൻ ഓഫീസർ.